**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6150 | 07/11/2016 - ൽ മറുപടിക്ക്.

## കുടുംബശ്രീ പങ്കാളിത്തമുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

(എ) സർക്കാരിന്റെ ഏതെല്ലാം പദ്ധതികളിലാണ് കുടുംബശ്രീയുടെ പങ്കാളിത്തമുള്ളത്;

(എ) സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ആശ്രയ, ബഡ്സ്, ബാലസഭ, ജെന്റർ, ട്രൈബൽ, യുവശ്രീ, സമഗ്ര, സംഘകൃഷി ഗ്രൂപ്പുകൾ എന്നീ പ്രധാന പദ്ധതികൾക്കു പുറമെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ), രാജീവ് ആവാസ് യോജന (ആർഎവൈ), സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (ഐഎച്ച്എസ്ഡി), ബേസിക് സർവ്വീസ് ഫോർ അർബൻ പുവർ (ബിഎസ്‌യുപി), ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം), ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ), മഹിള കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി) മുതലായ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെയും നോഡൽ ഏജൻസിയായി കുടുംബശ്രീ പ്രവർത്തിച്ചു വരുന്നു. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ സംയോജിച്ചു കൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ മുഖേന പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഏതെല്ലാം തരത്തിലുള്ള കണക്കെടുപ്പുകൾക്കായാണ് കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിക്കുന്നതിന് ആലോചിക്കുന്നത്;

(ബി) ബിപിഎൽ സർവ്വേ, സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുമായുള്ള ഒരു അഭിപ്രായ സർവ്വേ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (PMAY) പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നഗരസഭകളിൽ നടത്തിയ സർവ്വേ എന്നിവ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് നടത്തിയിട്ടുണ്ട് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സർവ്വേകൾ, മറ്റു വകുപ്പുകളുടെ വിവിധ കണക്കെടുപ്പുകൾ തുടങ്ങിയവയും കുടുംബശ്രീ നടത്തിയിട്ടുണ്ട്. കണക്കെടുപ്പിന്റെ വ്യാപ്തിയും, മറ്റു

ഘടകങ്ങളും പരിഗണിച്ച്, കണക്കെടുപ്പുകൾ നടത്തുമ്പോൾ, കുടുംബശ്രീയെ പരിഗണിക്കുന്നതാണ്. എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായുള്ള മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള സർവ്വേയും കുടുംബശ്രീയെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (സി) | കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇത് ഏതെല്ലാം തരത്തിൽ വിനിയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | 2016-17 വർഷത്തെ ബജറ്റിൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ആശ്രയ പദ്ധതിയുടെ വിപുലീകരണത്തിനായി 50 കോടി രൂപ കുടുംബശ്രീയ്ക്ക് അധികമായി വകയിരുത്തുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത തുക സംഘടന, സാമൂഹ്യ വികസനം, പ്രദേശിക സാമ്പത്തിക വികസനം എന്നീ പദ്ധതികൾക്കായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ